## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2220** **04.11.2019 - ൽ മറുപടിക്ക്.**

## പുതിയ റേഷൻ കാർഡുകൾ അനുവദിക്കുന്നതിന് നടപടി

ചോദ്യം

**ശ്രീ.രാജു എബ്രഹാം :**

(എ) ഈ സർക്കാർ കാലയളവിൽ പുതുതായി എത്ര റേഷൻകാർഡിന് അപേക്ഷ ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) അപേക്ഷയുടെ അടിസ്ഥാനത്തിൽ എത്ര പുതിയ റേഷൻ കാർഡ് അനുവദിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) **യും** (ബി) **യും** ഈ സർക്കാർ കാലയളവിൽ പുതുതായി റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകളും അതിൽ അനുവദിച്ചവയും ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | ആകെ ലഭിച്ച അപേക്ഷ | അനുവദിച്ച റേഷൻ കാർഡുകൾ |
|---|---|---|
| തിരുവനന്തപുരം | 68118 | 65285 |
| കൊല്ലം | 53426 | 50018 |
| പത്തനംതിട്ട | 21895 | 20967 |
| ആലപ്പുഴ | 36583 | 33897 |
| കോട്ടയം | 29798 | 28334 |
| ഇടുക്കി | 26841 | 24643 |
| എറണാകുളം | 50729 | 49322 |
| തൃശ്ശൂർ | 56342 | 52335 |
| പാലക്കാട് | 74938 | 65642 |
| മലപ്പുറം | 107203 | 97804 |
| കോഴിക്കോട് | 59926 | 54811 |
| വയനാട് | 20842 | 18968 |
| കണ്ണൂർ | 56053 | 51443 |
| കാസർഗോഡ് | 36026 | 32891 |
| **ആകെ** | **698720** | **646360** |

| | | | |
|---|---|---|---|
| (സി) | പുതിയ റേഷൻ കാർഡുകൾ അനുവദിച്ചുനൽകുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണ് തടസ്സം; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) യും (ഡി) യും | റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് കഴിഞ്ഞ നാലു വർഷക്കാലമായി റേഷൻകാർഡ് സംബന്ധിച്ച അപേക്ഷകൾ സ്വീകരിച്ചിരുന്നില്ല. 2018, ജൂൺ മാസം മുതൽ റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. നാളിതുവരെ ലഭ്യമായിട്ടുള്ള 36.77 ലക്ഷം അപേക്ഷകളിൽ തീർപ്പു കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓരോ താലൂക്കിലും ലഭിക്കുന്ന അപേക്ഷകൾ വളരെ കൂടുതലായതിനാൽ അന്വേഷണം നടത്തി അടിയന്തിരമായി തീർപ്പു കൽപ്പിച്ച് പുതിയ റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | അപേക്ഷകർക്കെല്ലാം എന്നത്തേയ്ക്ക് റേഷൻ കാർഡ് നൽകാനാവും എന്ന് പറയാമോ; | | |
| (ഇ) | വീടും വസ്തുവും ഇല്ലാത്തവർക്ക് ലൈഫ് മിഷൻ ഉൾപ്പെടെയുള്ള പദ്ധതികളിൽ അംഗമാകുന്നതിന് റേഷൻ കാർഡ് ഇല്ലാത്തത് തടസ്സമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരക്കാർക്കായി എന്ത് ബദൽ സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | ഉണ്ട്. ലൈഫ് ഭവന പദ്ധതിയിൽ അംഗമാകുന്നതിനു വേണ്ടി ലഭിക്കുന്ന റേഷൻകാർഡ് അപേക്ഷകൾക്ക് മുന്തിയ പരിഗണന നൽകി കാർഡ് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് റേഷൻ കാർഡ് നിർബന്ധമാക്കരുത് എന്ന നിർദ്ദേശവും ബന്ധപ്പെട്ട വകുപ്പുകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ